പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 286 09.03.2015-ൽ മറുപടിയ്ക്ക്

## ദേശീയ ഗെയിംസ് ഉദ്ഘാടന ചടങ്ങ്- കരിമരുന്ന് പ്രയോഗം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.എ.പ്രദീപ്കുമാർ | | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ (വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) | |
| (എ) | ദേശിയ ഗെയിംസ് ഉദ്ഘാടന ചടങ്ങിൽ കരിമരുന്ന് പ്രയോഗിക്കാൻ തീരുമാനം എടുത്തത് ഏത് തലത്തിലാണ്; ഇതിനായി എസ്റ്റിമേറ്റ് ചെയ്ത തുക എത്ര; ഏത് ഏജൻസി മുഖേനയാണ് ഇത് നടപ്പിലാക്കിയത്; ഏജൻസിയെ കണ്ടെത്തിയത് ഏത് നടപടി ക്രമത്തിലൂടെയാണ്; | (എ) | ദേശീയ ഗെയിംസ് ഉദ്ഘാടന - സമാപന ചടങ്ങുകളിൽ പൈറോടെക്നിക് എന്ന ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള കരിമരുന്ന് ഡിസ്പ്ലേ നടത്താൻ ദേശീയ ഗെയിംസ് സെറിമണീസ് കമ്മിറ്റിയുടെ ശുപാർശ പ്രകാരം പർച്ചേസ് കമ്മിറ്റിയും എക്സിക്യൂട്ടീവ് കമ്മിറ്റിയും തീരുമാനമെടുത്തു.<br>1.20 കോടി രൂപ വകയിരുത്തിയിരുന്നു.ടെണ്ടർ നടപടിയിലൂടെ ഫെറീസ് വീൽ എന്റർടെയിൻമെന്റ് പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനി മുഖേനയാണ് ഇത് നടപ്പാക്കിയത്. |
| (ബി) | ഇതിനായി ചെലവായ തുക എത്ര; തീരുമാനിച്ചതനുസരിച്ചുള്ള കരിമരുന്നു പ്രയോഗിക്കപ്പെട്ടിട്ടുണ്ടെന്ന് ഉറപ്പ് വരുത്തിയത് ഏതു രീതിയിലായിരുന്നു; ഇതിനായി ചുമതലപ്പെട്ട ഉദ്യോഗസ്ഥർ ആരായിരുന്നു ; | (ബി) | സ.ഉ.(സാധാ) നം.163/13/കാ.യു.വ തീയതി 03.09.2013 പ്രകാരം ഉദ്ഘാടന-സമാപന ചടങ്ങുകൾക്ക് 15 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. 1.25 കോടി രൂപയ്ക്കാണ് കരാർ നൽകിയത്. തുക നൽകി വരുന്നതേയുള്ളൂ.<br><br>ഉദ്ഘാടന-സമാപന ചടങ്ങുകളുടെ ക്രിയേറ്റീവ് ഡയറക്ടറായ ശ്രീ.ടി.കെ.രാജീവ് കുമാർ സാക്ഷ്യപ്പെടുത്തുന്നതിനനുസരിച്ചാണ് തുക നൽകുന്നത്. |
| (സി) | കരിമരുന്നു പ്രയോഗവുമായി ബന്ധപ്പെട്ട് ഉയർന്നു വന്ന അഴിമതി ആരോപണം സംബന്ധിച്ച് അന്വേഷിച്ചിട്ടുണ്ടോ ? | (സി) | 35 -ാം ദേശീയ ഗെയിംസിന്റെ കണക്കുകൾ ആഡിറ്റ് നടത്തി റിപ്പോർട്ട് നൽകുന്നതിനായി സംസ്ഥാന ആഡിറ്റ് വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ